Adjournment motions

Mr. President : I have received notice of a motion for the adjournment of the Council for the purpose of discussing a definite matter of urgent public importance, the refusal for security reasons by the Division Inspector of Police, Ernakulam, to grant an application for sanction to conduct a public meeting in Ernakulam on the 9th of August. I have sonsidered the admissibility of this motion and I think that it is in order. I shall therefore read the statement.—

"Under Rule 21 of the Legislative Council Rules, I pray for leave to move the adjournment of the Council for the purpose of discussion a definite matter of urgent public importance to wit:—

The refusal for security reasons by the Division Inspector of Police, Ernakulam to grant an application from the President, Kanayannur Taluk Prajamandalam Committee, for sanction to conduct a public meeting in Ernakulam, 9th August, *i.e.*, yesterday, for the purpose of explaining to the people the policy and programme of the Prajamandalam and for celebrating the "Martyrs' Day".

Is any objection taken to this?

Then I fix 3-30 to-morrow afternoon as the hour in which the motion may be taken.

Voting of Demands for Grants.

26. Public Health Rs. 3,06,959

Mr. Parambi Lonappen *(Minister for Rural Development)* : Sir, I rise to move for an allot mentof Rs. 3,06,959 under 26. Pub ic Health. I don't think a speech is required for the Hon'ble Members to grant this allotment. I request that the House may be pleased to sanction this allotment.

Cut motion No. 43

Health Visitors

Mr. A. Eachara Menon *(Chittur-Thattamangalam)*: Sir, I rise to move to reduce the allotment of Rs. 33,690 for Establishment Rural Sanitation in Demand No. 26 by Re. 1, *The posts of Health Visitors be abolished and more Rural midwives be appointed with the savings so made.*

These Health Visitors have the same qualification as the midwives in the hospitals and the midwife in the hospital gets Rs. 20-40 per mensem. Here it is proposed to give them Rs. 16-30. They were given Rs. 16 for the last 3 or 4 months. Now they have been asked to refund the increment. I don't know why. It is pitiable that these Health Visitors who have to go about place to place in rural villages where they cannot expect to get anything more than their pay, are given only a smaller pay than the midwives who have other means of income. It is simply to bring this disparity to the notice of the Government that I tabled this cut.

Mr. Parambi Lonappen *(Minister for Rural Development)* : The pay of the Health Visitors is 16-30, and that of the midwives is also the same. There is therefore no disparity in their pay.

Mr. A. Eachara Menon *(Chittur-Thattamangalam)*: The pay of the midwives is Rs. 20-40.

Mr. Parambi Lonappen (*Minister for Rural Development*) : Formerly it was 20-40. It is now reduced to 16-30 with an allowance of Rs. 15. I don't think there is any disparity.

Mr. A. Eachara Menon *(Chittur-Thattamangalam)*: Both have got the same qualification.

Mr. Parambi Lonappen *(Minister for Rural Development)*: In the case of the Health Visitors the area is a little larger.

Dr. S. S. Rao *(Nominated)* : What is the training that has been given to the Health Visitors?

Mr. Parambi Lonappen *(Minister for Rural Development)*: Some of them have been trained in Delhi, and some of them in the General Hospital and Civil Hospital.

Mr. Jos. K. Varghese *(Trichur-South)*: On a point of information....

Mr. Parambi Lonappen *(Minister for Rural Development)* : Midwives get training in Midwifery course and the Health Visitors in the Health Visitors' course.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Eachara Menon *(Chittur-Tattamangalam)*: The course is the same. I simply appeal to the good sense of the Hon'ble Minister in the matter and beg leave of the House to withdraw the motion.

Cut Motion, by leave, withdrawn.

Mr. P. Govinda Menon *(Ernakulam)*: The question raised in my cut motion has been sufficiently discussed on the floor of the House and I don't want to take the time of this House by moving it.

CUT MOTION No. 44

Insanitary condition of roads and gutters

*മിസ്റ്റർ പി. നാരായണമേനോൻ : To reduce the allotment of Rs. 3,06,959 for Public Health in demand No. 26 by Re. 1 (To bring to the notice of the Government the insanitary condition of the roads, gutters, canals, tanks, wells, latrines, bathing rooms, etc in Trippunithura town) സർ, തൃപ്പൂണിത്തുറ ചരിത്രപ്രധാനമായ ഒരു സ്ഥലമാണു്. പണ്ടു വളരെകാലത്തേക്കു ഈ രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന അതു. ഇപ്പോഴും അതിവിടത്തെ രാജധാനിയാണു്. ഈ പട്ടണം കണ്ടിട്ടില്ലാത്തവരും അതിലെ ചില പ്രദേശങ്ങളിൽ പ്രവേശനമില്ലാത്തവരും അതു മനോഹരമായ ഒരു നഗരമായിട്ടു വിചാരിക്കുന്നുണ്ടാകും. എന്നാൽ അതിന്റെ ഉള്ളിലെസ്ഥിതിഗതികൾ നല്ലപോലെ മനസ്സിലായിട്ടുള്ളവർക്കു അതു കേവലം ഒരു നരകതുല്യമായ ഒരു സ്ഥലമാണെന്നു ബോദ്ധ്യപ്പെട്ടുവാൻ കഴിയുന്നതാണു്. ഇതു വൃത്തികെട്ട റോഡുകളും ഇതു മലിനമായ നിലത്തോടുകൂടിയ സ്ഥലങ്ങളും ഇതു അഴുക്കുകളും ചവറുകളും ഉള്ള കനാലുകളും കുളങ്ങളും കിണറുകളും മറ്റൊരു പ്രദേശത്തുമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ബസ്സ്സ്റ്റാന്റിന്റെ സമീപത്താണു് ഞങ്ങളുടെ അഞ്ചലാപ്പീസ്സ് സ്ഥിതി ചെയ്യുന്നതു്. അതു ഏതാണ്ടു് ഒരു ദ്വീപുപോലെയാണു്. ഒരു മഴപെയ്താൽ അവിടെ ഏതാണ്ടു അരയ്ക്കു വെള്ളമുണ്ടാകുമെന്നു ആസ്ഥലം കണ്ടിട്ടുള്ളവർക്കു അനുഭവമാണു്. വർഷക്കാലത്തു ആ അഞ്ചലാപ്പീസ്സിലേക്കു കടക്കുന്നതിനു ഒരു ഫെറി സർവ്വീസ്സോ ഒരു പാലമോ ഉണ്ടായാൽ തരക്കേടില്ലെന്നു എനിക്കു തോന്നിട്ടുണ്ടു്. അതിന്റെ സമീപത്താണു ഞങ്ങളുടെ വില്ലേജുകച്ചേരി. അതിനകത്തു ജോലിചെയ്യുന്ന ആളുകൾക്കു വർഷക്കാലങ്ങളിൽ കളിക്കുവാൻപുറത്തേക്കു പോകേണ്ട ആവശ്യമില്ല. മുറിയിലിരുന്നാൽ കളി അവിടെതന്നെ കഴിക്കാം. അത്ര കേടുവന്നിട്ടുള്ളതാണു് ആ കെട്ടിടം. അതിന്റെ സമീപത്തുള്ള ബസ്സ്സ്റ്റാന്റു് കാണുന്നവർക്കു അതൊരു ശ്മശാനമാണെന്നേ തോന്നുകയുള്ളു. പലഭാഗങ്ങളായി കട്ടകുടയായി കിടക്കുന്ന കരിക്കട്ടകൾ ഇടക്കിടെ പൊങ്ങുന്ന ചില ധൂമങ്ങൾ, ബസ്സ്സ്റ്റാന്റിന്റെ സമീപത്തു ബസ്സു് കിട്ടാത്തതുകൊണ്ടു കുടിനില്ക്കുന്ന ആളുകളുടെ മുഖത്തുള്ള വ്യസനഭാവം ഇതെല്ലാം കണ്ടാൽ അതൊരു ശരിയായ ശ്മശാനമാണെന്നു തോന്നിയേക്കും. വാസ്തവത്തിൽ ആളുകളുടെ യാത്രാസൌകര്യത്തെ ദഹിപ്പിക്കുന്ന ഒരു ശ്മശാനമാണതു. അവിടുന്നു തെക്കോട്ടുപോയാൽ വൃത്തികേടു കൂടി കൂടിയാണു് വരുന്നതു. അവിടെയാണു ഒരു മത്സ്യച്ചന്തയുള്ളതു്. ആ ചന്ത ജനബാഹുല്യമുള്ള ആ നാടിന്റെ മദ്ധ്യത്തിലാണു സ്ഥിതിചെയ്യുന്നതു. ആ ചന്തയുടെ മദ്ധ്യത്തിൽ അവിടത്തെ പൊതുജനങ്ങൾക്കു കൂടിക്കുന്നതിനുവേണ്ടി ഒരു കുളം കഴിച്ചിട്ടുണ്ടു്. മത്സ്യച്ചന്തയിൽ നിന്നു ഒഴുകിവരുന്ന വെള്ളവും കെട്ടിനില്ക്കുന്നതും മത്സ്യം വില്ക്കുന്നതിനു വരുന്നവർ അവരുടെ കൊട്ടമുതലായ ഉപകരണങ്ങൾ വൃത്തിയാക്കുന്നതും ഈ കുളത്തിലാണു്. ആ കുളം ശരിപ്പെടുത്തീട്ടു ഏതാണ്ടു എട്ടുപത്തു കൊല്ലത്തിലധികമായിട്ടുണ്ടു. ആ കുളം ചന്തയുടെ സാമീപ്യംകൊണ്ടു വളരെ വൃത്തിഹീനമായിട്ടാണു കിടക്കുന്നതു. ഇങ്ങിനെ ഇരുളടഞ്ഞും വൃത്തികെട്ടും ദുർഗ്ഗന്ധത്തെ വഹിച്ചുകൊണ്ടും അനേകം രോഗബീജങ്ങളെ ഉല്പാദിപ്പിച്ചും നില്ക്കുന്ന അവിടെയുള്ള റോഡുകളുടേയും കുളങ്ങളുടേയും കിണറുകളുടേയും ലെറിൻസിന്റേയും ഭയങ്കരതയെപ്പറ്റി പറയുവാനാണെങ്കിൽ എനിക്കു വ്യസനംതോന്നുന്നുണ്ടു്. ഇതു നേരെയാക്കുവാനുള്ള മാർഗ്ഗമുണ്ടോ, എന്നു ഞാൻ അന്വേഷിച്ചിട്ടുണ്ടു്. എളുപ്പത്തിൽ സാദ്ധ്യമല്ലെന്നും എനിക്കുതോന്നീട്ടുണ്ടു്. ഇതെല്ലാം മുനിസിപ്പാട്ടുമെൻറുകളുടെ കീഴിലാണു്. ചിലതു പഞ്ചായത്തുവക, ചിലതു P. W. D. വക, ചിലതു ദേവസ്വം വക, ഇങ്ങിനെയാണു അതു കിടക്കുന്നതു. അതുകൊണ്ടു് ഈ മുനിസിപ്പാട്ടുമെൻറുകളും കൂടി ഒന്നിച്ചു പരിശ്രമിച്ചാലെ ഈ വക പ്രദേശം വൃത്തിയാക്കുവാൻ സാധി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയുള്ളൂ എന്നു തീച്ചയാണു്. അതിനെന്തെങ്കിലും ഒരു തീരുമാനം ഉണ്ടാക്കേണ്ടതാണു്. ഇതിനും പുറമെ രാജധാനിയിലേക്കു പോകുന്നറോഡുകളും നിർമ്മലജലം ധാരാളമുള്ള പൊയ്കകളും ഇതെല്ലാം കാണുമ്പോൾ നമ്മുടെ രാജധാനി ഇത്ര അധഃപതിച്ചു നില്ക്കയിലാണല്ലൊ എന്ന വ്യസനവും എനിക്കു തോന്നുന്നുണ്ടു്. ഇതു എല്ലാവരും കണ്ടിട്ടുണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഈ വൃത്തിഹീനതയെ കഴിയുന്നതുംവേഗം ഇല്ലാതാക്കി അതൊരു രാജധാനിയാണു് എന്നു തോന്നത്തക്കവിധത്തിൽ. . . . .

മിസ്റ്റർ പി. ആർ. കൃഷ്ണനെഴത്തശ്ശൻ : രാജധാനിയൊ രാജധാനിയുള്ള പ്രദേശമൊ?

മിസ്റ്റർ പി. നാരായണമേനോൻ : രാജധാനിയുള്ള പ്രദേശത്തെയാണു് രാജധാനിയെന്നു പറയുന്നതു. വൃത്തിയാക്കിയാൽ കൊള്ളാമെന്ന അപേക്ഷയോടുകൂടി ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു. ഇതിൽ ആക്ഷം ഭിന്നാഭിപ്രായമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല.

*മിസ്റ്റർ പി. ടി. ജേക്കബ്ബു് : മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടൊപ്പം മട്ടാഞ്ചേരി പട്ടണത്തിലെ പരിസരപ്രദേശത്തിലെ സ്ഥിതിഗതികളും കൂടി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. റിപ്പോർട്ടിൽ നു ന്നു-ാം ഖണ്ഡികയിൽ കൊതുകുനിവാരണത്തിനു്.

Mr. President : Order, order. The cut motion relates only to the insanitary condition of Trippunittura. I cannot allow a discussion of the condition in other places.

മിസ്റ്റർ പി. ടി. ജേക്കബ് : തൃപ്പൂണിത്തുറയിൽ ഞാൻ ഈയിടെ ഒരു പൊതുയോഗത്തിൽ സംബന്ധിക്കുന്നതിനു പോയിട്ടുണ്ടായിരുന്നു. ഇതിൽ പറഞ്ഞിരിക്കുന്നതായ അനുഭവങ്ങൾ എല്ലാംതന്നെ ശരിയാണെന്നു് എനിക്കു നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. മട്ടാഞ്ചേരിയെപ്പോലെതന്നെയല്ലെങ്കിലും അതിൽ കുറച്ചുകൂടി മോശമാണോ എന്നു സംശയിക്കേണ്ട നിലയിലാണു് കിടക്കുന്നതു്. എന്നാൽ ഞങ്ങളുടെ പ്രദേശത്തെന്നപോലെതന്നെ ഇവിടേയും കൊതുകു് വളരുന്ന ചില കേന്ദ്രങ്ങൾ ഉള്ളതു് എനിക്കു കാണുവാൻ സാധിച്ചിട്ടുണ്ടു്. കൊതുകുനിവാരണത്തിനു പ്രത്യേകം ഏർപ്പാടുചെയ്തിട്ടുള്ള സ്ഥലത്തും കൊതുകിനെ വളർത്തുകയാണു് ചെയ്യുന്നതു്. കൊതുകുനിവാരണകേന്ദ്രത്തിന്റെ അടുത്തുള്ള തോട്ടിൽ വന്നുചേരുന്ന വെള്ളം പുറത്തേക്കു പോകാതെ കെട്ടിനിർത്തി ചപ്പുചവറുമുതലായതിട്ടു നിറച്ചു് കൊതുകിനെ വളർത്തുകയും അതുപോലെതന്നെ കാനയിൽനിന്നു വെള്ളം പോകാത്തവിധത്തിൽ സൂക്ഷിക്കുകയും ചെയ്യുന്ന പുതിയൊരു സാനിട്ടറി സമ്പ്രദായം നമ്മുടെ രാജ്യത്തുണ്ടു്. അതു തൃപ്പൂണിത്തുറയിലുമുണ്ടു്; മട്ടാഞ്ചേരിയിലുമുണ്ടു്. അതു് ഇല്ലായ്മചെയ്യേണ്ടതു് ഹെൽത്തു് ഡിപ്പാർട്ടുമെണ്ടിന്റെ കടമയാണു്.

നാടിന്റെ കേന്ദ്രമെന്നുദ്ദേശിക്കുന്ന തൃപ്പൂണിത്തുറ പട്ടണത്തിൽ ഇത്രയും ശോചനീയമായ ഒരു നിലയാണുള്ളതെങ്കിൽ ഈ നാടിന്റെ ഇതരഭാഗങ്ങളുടെ സ്ഥിതി ഏതുനിലയിലായിരിക്കുമെന്നു് ഊഹിക്കുക മാത്രമേ ആവശ്യമുള്ളൂ. അതുകൊണ്ടു് ഹെൽത്തു് ഡിപ്പാർട്ടുമെണ്ടിന്റെ ശ്രദ്ധ ഈ വിഷയത്തിൽ ചെലുത്തേണ്ടതാണെന്നും വെറും ഉദ്യോഗസ്ഥന്മാരെ നിയമിച്ചതുകൊണ്ടു മാത്രം കാര്യമായില്ലെന്നും അവരെക്കൊണ്ടു ശരിക്കു ജോലിചെയ്യിക്കേണ്ടതാണെന്നും ഞാൻ ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുമ്പോൾ അവരെ ശരിയായ തരത്തിൽ മേൽനോട്ടം നടത്തുന്നതിനു് ഉത്തരവാദപ്പെട്ടവരെ നിയമിക്കുകയും അവർക്കു് അതിനു വേണ്ടതായ സൌകര്യങ്ങളും ചെയ്തുകൊടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസിസ്സു് ടി. ഫ്രാൻസിസ്സു് : സർ, തൃപ്പൂണിത്തുറ പലപ്രാവശ്യവും എനിക്കു പോകുവാൻ ഇടയായിട്ടുണ്ടു്. തൃപ്പൂണിത്തുറയിലുള്ള ഒരു പാലസ്സിൽതന്നെ ഒരുദിവസം ഞാൻ താമസിക്കേണ്ടിവന്നു. അന്നു കൊതുകിന്റെ ഉപദ്രവം എന്നെ വല്ലാതെ വിഷമിപ്പിച്ചു. ഒരുജാതി വലിയ വലിയ കൊതുകാണു് അവിടെയുള്ളതു്.

മിസ്റ്റർ ജോസു് കെ. വള്ളിസ്സു് : പാലസ്സു് കൊതുകാണു്.

മിസിസ്സു് ടി. ഫ്രാൻസിസ്സു് : അവയ്ക്കു പാലസ്സു് കൊതുകെന്ന പേരിട്ടാലും തരക്കേടില്ല. അവിടെയുള്ള ചില കുഴികളിലെല്ലാം കൊതുകു് നിരവധിയുണ്ടു്. അവിടങ്ങളിൽ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

പല മാന്യന്മാരുമായിട്ട് എനിക്ക് ഇടപെടുവാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. അവിടത്തെ ഇൻസാനിട്ടറി കണ്ടീഷനെപ്പറ്റി നിയമസഭയിൽ പറയണമെന്ന് അവരിൽ പലരും എന്നോട് പറയുകയുണ്ടായി. അതുകൊണ്ടാണ് ഞാൻ ഈ കട്ട് മോഷനെ ശക്തിയായി പിൻതാങ്ങുന്നതു്. നമ്മുടെ രാജാക്കന്മാരുംകൂടി താമസിക്കുന്നതു് അവിടെയല്ലെ? എന്നിട്ട് എന്തുകൊണ്ടാണ് ആ സ്ഥലത്തെക്കുറിച്ചുള്ള ഓമ്മ നമ്മുടെ ഉദ്യോഗസ്ഥന്മാക്ക് ആക്കം ഉണ്ടാകാതിരിക്കുന്നതു്? ഈ സ്ഥലത്തിന്റെ കായ്യം ഗവമ്മെണ്ടിന്റെ ഓമ്മയിൽ പെടാതിരിക്കുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. അതുകൊണ്ടു് ഹെൽത്തു് ഡയറക്ടർ ഇതിനെപ്പറ്റി ശരിയായി അന്വേഷിച്ചു് ആ സ്ഥലം ശരിയായ സാനിട്ടറി പ്രിൻസിപ്പിൾ അനുസരിച്ചു സൂക്ഷിക്കുന്നതിനു വേണ്ട നടപടി നടത്തണമെന്ന അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

Mr. Parambi Lonappen *(Minister for Rural Development)* : I can assure the Hon'ble Members that the observations made by them in this House regarding the sanitation of the Trippunittura town will be looked into very seriously. To improve the conditions there though we have not got specific complaints about these matters before, I fully realise that there is some need for improvements and therefore we will pay particular attention and see whether these improvements could not be effected. With this assurance, I hope, the Hon'ble Member will be pleased to withdraw the motion.

*മിസ്റ്റർ പി. നാരായണമേനോൻ: സർ, മന്ത്രിയുടെ അധികാരത്തിൽപെട്ട ഇമ്പ്രൂവ്മെൻറ് എന്തെല്ലാമാണെന്നു് എനിക്കറിയാം. പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടു് മന്ത്രിയുടെ അധീനത്തിലാണു്. അതുപോലെതന്നെ ഹെൽത്തു് ഡിപ്പാർട്ടുമെണ്ടും മന്ത്രിയുടെ അധികാരത്തിലാണു്. അതുകൊണ്ടു് ആ ഡിപ്പാർട്ടുമെണ്ടുകളെ സംബന്ധിച്ചിടത്തോളം അറിടെ ചെയ്യേണ്ടതു് അദ്ദേഹം ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നുള്ളു. എന്നാൽ ഹെൽത്തു് ഡിപ്പാർട്ടുമെണ്ടിന്റെ ചുമതല എന്താണെന്നറിഞ്ഞും അതനുസരിച്ചും ഇതേവരെ പ്രവൃത്തിച്ചിട്ടില്ലെന്നു് എനിക്കു് ഇവിടെ തെളിയിക്കുവാൻ സാധിക്കും. ഒരു പട്ടണത്തിന്റെ മദ്ധ്യത്തിലുള്ള സ്ഥലം—അതു ദേവസ്വത്തിന്റെ വകയായാലും മറ്റൊരുവകയായാലും വിരോധമില്ല—വൃത്തിഹീനതയുള്ളതായി കണ്ടാൽ ആ വൃത്തിഹീനത തീർക്കേണ്ടതു ഗവമ്മെണ്ടിന്റെ കടമയാണു്. ഒന്നുകിൽ അതിന്റെ ഉടമസ്ഥനു നോട്ടീസ്സുകൊടുത്തു് അവരെക്കൊണ്ടു ചെയ്യിക്കണം. അതിനുള്ള അധികാരവും ഉത്തരവാദിത്വവും ഗവമ്മെണ്ടിനുണ്ടു്. ആ ചുമതല ഇതേവരെ നിർവ്വഹിച്ചിട്ടില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. ദേവസ്വംവക റോഡും ദേവസ്വംവക കളങ്ങളും യഥാർത്ഥത്തിൽ ആദ്യം ദേവസ്വംവകയായിരുന്നില്ല. അതു ചില പ്രത്യേക കാരണങ്ങളാൽ ദേവസ്വത്തെ ഏല്പിച്ചുകൊടുത്തിട്ടുള്ളതാണു്. അതു് ഏല്പിച്ചുകൊടുത്തകാലത്തു് അതു വൃത്തിഹീനമായി പോകാതെ സൂക്ഷിക്കുന്നതിനു് എന്തെങ്കിലും ഒരു ഏടവാട് ചെയ്തിരുന്നുവെങ്കിൽ ഈ ആക്ഷേപത്തിനു് ഇടവരുകയില്ലായിരുന്നു. അഞ്ചലാപ്പീസ്സിന്റെ അടുത്തുള്ള റോഡു് ദേവസ്വംവക റോഡാണു്. അതു ദേവസ്വത്തിലേക്കു വിട്ടുകൊടുത്തതിനുശേഷം യാതൊരു പണിയും അവർ അവിടെ ചെയ്തിട്ടില്ല. ദേവസ്വത്തിന്റെ വകയായാലും P. W. D.യുടെ വകയായാലും മറ്റാരുടെവകയായാലും വേണ്ടതില്ല ഒരു സ്ഥലം വൃത്തിഹീനമാണെന്നു തോന്നിയാൽ അതു നന്നാക്കുകയോ നന്നാക്കിക്കുകയോ ചെയ്യു് അതിൽനിന്നുണ്ടാകുന്ന ഉപദ്രവങ്ങളിൽനിന്നു പൊതുജനങ്ങളെ രക്ഷിക്കേണ്ട ചുമതല ഹെൽത്തു് ഡിപ്പാർട്ടുമെണ്ടിനുണ്ടു്. ആ ഒരു ചുമതല ഇതേവരെയും നിർവ്വഹിച്ചുകാണുന്നില്ല. അതുകൊണ്ടു് മേലാലെങ്കിലും ഉടമസ്ഥന്മാരാരാണെന്നു നോക്കാതെ ഇങ്ങിനെയുള്ള വൃത്തിഹീനത ഇവിടെനിന്നു നീക്കംചെയ്യുന്നതിനുംകൂടി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Cut motion, by leave, withdrawn

CUT MOTION No. 45

Trenching Grounds in Kaloor—Shifting of

*മിസ്റ്റർ പി. നാരായണമേനോൻ: To reduce the allotment of Rs. 3,06,959 for Public Health in Demand No. 26 by Re. 1 (Immediate shifting of the trenching grounds in Kaloor in the Ernakulam Village) സർ, എന്റെ നിയോജകമണ്ഡലം മന്നിൽ ചിലപ്രാനം

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം ജനങ്ങളും അധിവസിക്കുന്ന ഒരു നിയോജകമണ്ഡലമാണ്. ഇത്രയും അധികം ജനങ്ങളും തിങ്ങിപ്പാർക്കുന്ന മറ്റൊരു സ്ഥലം അന്തിക്കാട്ട നിയോജകമണ്ഡലം മാത്രമാണ്. ഈ നിയോജകമണ്ഡലത്തിനു മറ്റൊരു വിശേഷമുള്ളത് ഇതു കൊച്ചി രാജ്യത്തുള്ള ഏറ്റവും വലിയ ഒരു നഗരത്തിന്റെ സമീപത്തു കിടക്കുന്നു എന്നുള്ളതാണ്. എറണാകുളം, മട്ടാഞ്ചേരി എന്നീ നഗരങ്ങളുടെ ചുറ്റുപാടും കിടക്കുന്ന ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. അതുകൊണ്ടു നഗരജീവിതംകൊണ്ടു മനുഷ്യനുണ്ടാകാവുന്ന യാതൊരു ഗുണങ്ങളും ഈ പ്രദേശത്തുള്ളവർക്കു ഉണ്ടാകുന്നില്ലെന്നു മാത്രമല്ല നഗര ജീവിതംകൊണ്ടു എതെല്ലാം ദോഷങ്ങളാണോ ഉണ്ടാകുന്നതു് ആ ദോഷങ്ങളെല്ലാം ഉണ്ടാകുന്നുണ്ടു്. എറണാകുളം പട്ടണത്തിൽനിന്നും അടിച്ചുവാരുന്ന ചവറുകളെല്ലാം എന്റെ നിയോജകമണ്ഡലത്തിലാണ് കൊണ്ടുപോയി നിക്ഷേപിക്കുന്നതു്. ഈ ടെഞ്ചിഗ് ഗ്രൗണ്ടു് അതിനൊരു ഉദാഹരണമാണ്. ഇവിടെയുള്ള വൃത്തിഹീനത നിക്ഷേപിക്കുന്നതു് ഈ നഗരത്തിന്റെ സമീപമുള്ള എന്റെ നിയോജകമണ്ഡലത്തിലാണ്. ഏതാണ്ടു് അറുപതു വർഷത്തോളമായി ഈ ഒരാവശ്യത്തിന്നായി ഈ സ്ഥലം ഉപയോഗിച്ചു തുടങ്ങീട്ടു്. ഏതാണ്ടു് ഒരു ദിവസം ഒരു ടണ്ണിൽ കുറയാത്ത മലിനപദാർത്ഥം അവിടെ കൊണ്ടുപോയി നിക്ഷേപിക്കുന്നതുകൊണ്ടു ആ പറമ്പു് ഏതാണ്ടു ഇപ്പോൾ ഒരു ചെറിയ കുന്നായിത്തീർന്നിട്ടുണ്ടു്. ഒരു മഴപെയ്യുമ്പോൾ അതിൽനിന്നുള്ള വെള്ളം നാലുഭാഗങ്ങളിലേക്കും പ്രവഹിച്ചു സമീപമുള്ള വീടുകളിലും പറമ്പുകളിലും ജലാശയങ്ങളിലും പ്രവേശിച്ചു ആ പ്രദേശം മുഴുവൻ വൃത്തിഹീനമാക്കിതീർക്കുകയാണു് ചെയ്യുന്നതു്. അതിനുംപുറമെ ഈ പ്രദേശത്തിന്റെ ഒരു രണ്ടു ചതുരശ്രനാഴിക ദുർഗ്ഗന്ധം പരത്തുന്നുണ്ടെന്നുള്ളതു് ആ വഴിയിൽക്കൂടി യാത്രപോകുന്ന ആളുകൾക്കു് അറിയുവാൻ സാധിച്ചിട്ടുണ്ടു്. ഇവിടെയുള്ള പലർക്കും ആ പ്രദേശത്തുകൂടി യാത്രചെയ്യുവാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. കാരണം ഇവിടെനിന്നു ചെറുതുരുത്തിവരെയുള്ള പ്രദേശങ്ങളിലേക്കു പോകുന്ന ട്രങ്ക് റോഡ് ആ പറമ്പിന്റെ സമീപത്തുകൂടിയാണു് പോകുന്നതു്. അതുകൊണ്ടു് ഇവിടെയുള്ള പലർക്കും ഈ വഴിയിൽകൂടി സഞ്ചരിക്കാതിരിക്കുവാൻ നിവൃത്തിയില്ലാതെയാണു് വന്നിരിക്കുന്നതു്. ആ വഴിയിൽ കൂടി സഞ്ചരിക്കുന്ന ആളുകൾക്കു അതുകൊണ്ടുള്ള വിഷമം എന്തെല്ലാമാണെന്നു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതുകൊണ്ടും ഇതിനെപ്പറ്റി അറിയാത്തവർ ആരുമില്ലാത്തതുകൊണ്ടും ഞാൻ അധികം ഇതിനെക്കുറിച്ചുവിവരിക്കണമെന്നു വിചാരിക്കുന്നില്ല. ഈയ്യിടെ എനിക്കൊരു ബന്ധം പറ്റുകയുണ്ടായി. ഞാൻ ഇതിന്റെ സമീപത്തുകൂടി വരുകയായിരുന്നു. വഴിക്കുവെച്ചു എന്റെ സ്നേഹിതന്മാരിൽ മൂന്നുനാലുപേരെ കണ്ടുമുട്ടി അവർ എന്നെ കണ്ടപ്പോൾ പരിചയം നടിക്കുകയും സംസാരിക്കുവാൻ ഭാവിക്കുകയും ചെയ്തു. പക്ഷെ ഞാൻ ഗൌരവം അഭിനയിച്ചു. വളരെ വേഗത്തിൽ നടന്നുപോകുകയാണുണ്ടായതു്. പിന്നീടു നിങ്ങൾ ഞങ്ങളെ അവിടെവെച്ചു കണ്ടപ്പോൾ എന്താണ് ഗൌരവമായിട്ടു ഞങ്ങളോടു യാതൊന്നും സംസാരിക്കാതെ പോയതെന്നു ചോദിച്ചു് പരിഭവം നടിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ എനിക്കവരോടു സംസാരിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷെ സംസാരിക്കാതിരുന്നതു് വായതുറക്കുവാനുള്ള ഭയംകൊണ്ടാണു്. ഒരു വിധത്തിൽ ശ്വാസം അടക്കി ആ പ്രദേശം കടക്കുന്നതുവരെ കഴിച്ചു കൂട്ടിയാൽ കൊള്ളാമെന്നു വിചാരിച്ചു ഞാൻ വളരെ ധൃതിയായിട്ടു നടക്കുകയായിരുന്നു. ആ സമയത്താണു് ഇങ്ങിനെയുള്ള സ്നേഹിതന്മാരെ കണ്ടുമുട്ടുവാൻ ഇടയായതു്. അത്ര ദുർഗ്ഗന്ധമേറുന്ന ഒരു പ്രദേശമായിതീർന്നിട്ടുണ്ടു് ആ പ്രദേശം. ഇതിനും പുറമെ ഇപ്പോൾ ഫൌളേഴ്സു പ്രോസസ്സ് എന്ന പുതിയ രീതിക്കൂടി ഗവർമ്മെണ്ടു് കണ്ടുപിടിച്ചിട്ടുണ്ടു്. പണ്ടു് അവിടെ കൊണ്ടുവരുന്ന മലം അപ്പപ്പോൾ കഴിച്ചു മൂടുകയായിരുന്നു പതിവു്. ഇപ്പോൾ നേരെമറിച്ചു നഗരത്തിൽനിന്നും അടിച്ചുവാരി കിട്ടുന്ന സകല ചവറും അതിന്റെ മേൽ പരത്തുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു ഈ മലിന പദാർത്ഥവും ഈ ചവറും അവിടെ കിടന്നു ദ്രവിച്ചു കൂട്ടുകയാണു് ചെയ്യുന്നതു്. അതിന്റെ സമീപത്തു അതിൽനിന്നുണ്ടാകുന്ന ദുർഗ്ഗന്ധം എത്ര ഭയങ്കരമാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. എങ്ങിനെയായാലും ആ സ്ഥലം കഴിയുന്നതും വേഗത്തിൽ അവിടെനിന്നു മാറിയാൽ തരക്കേടില്ലെന്നാണു് ആ നാട്ടുകാരുടെയും മറ്റുള്ളവരുടേയും അഭിപ്രായം. അതിൽ ഗവർമ്മെണ്ടിനുണ്ടാകുന്ന വിഷമത്തെക്കുറിച്ചും ഞാൻ ആലോചിയ്ക്കായ്കയില്ല. ഈവക സ്ഥലം എവിടേക്കു കൊണ്ടുചെന്നാലും അവിടെയുള്ള ആളുകൾക്കു സുഖമായില്ലെന്നുള്ളതു തീച്ചയാണു്. ഇതുപോലെയുള്ള എതിർപ്പു് ആ പ്രദേശത്തിലും ഉണ്ടാകുവാൻ പാടില്ല. അതുകൊണ്ടു ഇവിടെനിന്നും എവിടേക്കായാലും മാറ്റേണ്ടതാണെന്നാണു് എനിക്കു പറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്കൃത രാജ്യങ്ങളിൽ ഈ ഒരു മലിനപദാർത്ഥം ജനങ്ങൾക്ക ഒരു തരത്തിലും ഉപദ്രവം വരാത്തവിധത്തിൽ രൂപാന്തരപ്പെടുത്തുന്നതിന്ന പല വിദ്യകളും കണ്ടു പിടിച്ചിട്ടുണ്ട്. നമ്മുടെ ഹെൽത്ത ഡിപ്പാർട്ട്മെൻറും നമ്മുടെ കൃഷി ഡിപ്പാർട്ട്മെൻറും നമ്മുടെ മറവ ഡിപ്പാർട്ട്മെൻറുകളുംകൂടി ആലോചിച്ചു നോക്കുന്നപക്ഷം ഇന്ന അനേകം വിദഗ്ധന്മാരെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്, കൃഷി വിദഗ്ധന്മാരുണ്ട്, ഹെൽത്ത വിദഗ്ധന്മാരുണ്ട് ഇപ്രകാരം അനേകം വിദഗ്ധന്മാരുണ്ട്. ഈ വലിയ വിദഗ്ധന്മാരെല്ലാം ഒന്നാച്ചാലോചിക്കുന്ന പക്ഷം— ഇതു് ആളുകൾക്ക ഉപദ്രവം വരാത്തവിധത്തിൽ വളമായിട്ട രൂപാന്തരപ്പെടുത്തുവാൻ വല്ല മാർഗ്ഗവുമുണ്ടെങ്കിൽ ആ മാർഗ്ഗം സ്വീകരിക്കുകയായിരിക്കും ഉത്തമമെന്നാണ് എനിക്ക തോന്നുന്നതു്.

മന്നാമത് നഗരത്തിന്റെ സമീപം, രണ്ടാമത് അതുതന്നെ ഒരു നഗരംപോലെയുള്ള സ്ഥലമാണ, മൂന്നാമതു് ഇതുരണ്ടും ജനങ്ങൾ അധികമുള്ള സ്ഥലം വേറെയില്ല. അതുകൊണ്ടു് ഈ സ്ഥലം ഇതിന്ന പറ്റിയതല്ല. അവിടെ നിന്ന മാറ്റണം; അതു കൊണ്ടുചെല്ലുന്ന പ്രദേശത്തെ ജനങ്ങൾക്കും ഉപദ്രവം ഇല്ലാതിരിക്കണമെങ്കിൽ അതു വളമായിട്ട രൂപാന്തരപ്പെടുത്തുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കണം. ഈ തരത്തിൽ നടപ്പിൽ വരുത്തുവാൻ കഴിയുന്നതും വേഗത്തിൽ ഗവർമ്മേണ്ടു പരിശ്രമിക്കണം. ഇതുരയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസിസ്സ് ടി. ഫ്രാൻസ്സ്: സർ, ഈ കട്ട്മോഷനെ ഞാൻ ശക്തിയായി അനുകൂലിക്കുന്നു. എനിക്ക പല പ്രാവശ്യവും ഈ സ്ഥലത്തുകൂടി കടന്നു പോകുവാൻ ഇടയായിട്ടുണ്ടു്. കഴിഞ്ഞരാത്രിതന്നെ എനിക്ക ഒരു രോഗിയെ കാണുന്നതിന്ന ആ പ്രദേശത്തു പോകേണ്ടിവന്നു. കുറെ നേരം ആ രോഗിയുടെ വീട്ടിൽ കഴിച്ചുകൂട്ടേണ്ടിയും വന്നു. ഏതു വിധത്തിലാണ് ഞാൻ അവിടെ കഴിച്ചുതെന്നു അനുഭവിച്ചു എനിക്ക മാത്രമേ അറിയാവു.

തുപ്പൂണിത്തുറ മെമ്പർ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വാസ്തവമാണ്. ഞാനും അതിനെപ്പറ്റി വിവരിച്ചു പറഞ്ഞു സഭയുടെ സമയം കളയണമെന്ന വിചാരിക്കുന്നില്ല.

ഈ മലം ഡിപ്പോവിൽ ധാരാളം രോഗബീജങ്ങളുണ്ടാകുന്നുണ്ടു്. Microbes and Bacteria വളർത്തുവാനുള്ള ഒരു സ്ഥലമാണിതു്.

അവിടെനിന്നും ഈച്ച മുഖേന രോഗബീജങ്ങളും നമ്മുടെ ഈ പട്ടണത്തിൽ പ്രചരിക്കുകയും ജനങ്ങളുടെ ആരോഗ്യസ്ഥിതിക്ക ദോഷം വരുത്തുകയും ചെയ്യുന്നു. യുദ്ധാനന്തരമുള്ള പുനസ്സംവിധാനപദ്ധതിയായാലും കൊള്ളാം—അതല്ലെങ്കിലും കൊള്ളാം ആ സ്ഥിതിക്ക വേഗം പരിഹാരമുണ്ടാക്കേണ്ടതാണ്.

ബഹുമാനപ്പെട്ട തുപ്പൂണിത്തുറ മെമ്പർ പഞ്ഞതുപോലെ ഒരു സിസ്റ്റം ഉണ്ടാക്കുന്നതു ഉത്തമമായിരിക്കും. ഇതിനെപ്പറ്റി ഒരു വിദഗ്ധാഭിപ്രായം പറയാൻ എനിക്ക സാധിക്കയില്ല. ഇതിന്ന കുറച്ചു പണച്ചിലവു വരുമെന്നുള്ളതുകൊണ്ടു ഗവർമ്മേണ്ടു ഇതിൽ ഒന്നും പ്രവൃത്തിക്കാതിരിക്കരുതു്.

ഗവർമ്മെണ്ടു ഈ കാര്യത്തിൽ ആവശ്യമുള്ളതു് ചെയ്യണം—യുദ്ധം അവസാനിക്കാറായി. റഷ്യ, ജപ്പാനോടു യുദ്ധപ്രഖ്യാപനം ചെയ്തു കഴിഞ്ഞു. അതുകൊണ്ടു് ജാപ്പു് യുദ്ധം അവസാനിച്ചു എന്ന കരുതാം—ഞാൻ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനെകുറിച്ചു എടുത്തു പറഞ്ഞിട്ടുണ്ടു്—അതിൽ ഒരു മാർഗ്ഗം ഞാൻ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടു്—Typhoid, Dysentry, Malaria, Asiatic Malaria, Infantile diarrhoea; bacteria, microbes—Trenching system under ground suwrages I would suggest the adoption of a sufficient number of incendiaries may be conducted and put into immediate operation എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. ഇതിന്ന വളരെ പണച്ചിലവു വരുമെന്ന തോന്നുന്നില്ല. അതുകൊണ്ടു് തുപ്പൂണിത്തുറ മെമ്പർ അവർകളും പറഞ്ഞതുപോലെ മലമെല്ലാം ഉണക്കി അതിനെ വളമായിട്ട ഉപയോഗിക്കുക. ഇതുരയും പറഞ്ഞുകൊണ്ടു് ഈ കട്ട്മോഷനെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. ജെ. മാത്യു: സർ, ബഹുമാനപ്പെട്ട രണ്ടുമെമ്പർമാരും ചൂണ്ടിക്കാണിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ ശരിയാണെന്ന ഗവർമ്മെണ്ടിന്ന ബോദ്ധ്യമായിട്ടുണ്ടു്. അതു കൊണ്ടു് ഈ സ്ഥലത്തുനിന്ന ടഞ്ചിങ്ങ് ഗ്രൗണ്ടു് വേറെ ഒരു സ്ഥലത്തേക്ക മാറ്റുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിന്ന മുനിസിപ്പാലിറ്റിയോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. ഗവർമ്മെണ്ടിന്റെ ഉദ്ദേശവും ഈ പ്പോഴത്തെ സ്ഥലത്തുനിന്ന ജനങ്ങൾക്ക വളരെ ബുദ്ധിമുട്ടുണ്ടാകാത്തസ്ഥലത്തേക്ക മാറ്റണമെന്നുള്ളതാണ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതു വേറെ തരത്തിൽ രൂപാന്തര

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തുവാൻ സാധിക്കുമോ എന്നുള്ളതും നോക്കാം. വില്ലിംഗ്ടൺ അയലത്തിൽ ചൂളയുണ്ടാക്കി ഇതു കത്തിച്ചു കളയുന്നുണ്ട്. അതു സമ്പ്രദായം നല്ലതാണെങ്കിൽ അതുപ്രകാരം ഇവിടെയും ചെയ്യുവാൻ നോക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്: ചൂളയിൽ കത്തിച്ചു കളയുന്നകാര്യത്തെപ്പറ്റി മനസ്സിലാക്കിക്കുവല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: വേറെ ഒരു സ്ഥലം നോക്കുവാനാണ് നിർദ്ദേശം കൊടുത്തിരിക്കുന്നതു്.

* മിസ്റ്റർ പി. നാരായണമേനോൻ: സർ, ബഹുമാനപ്പെട്ട സാമാജികന്മാരിൽ പലരും അവരവരുടെ പ്രാദേശിക താല്പര്യങ്ങളെക്കുറിച്ചു് പലതും ഇവിടെ സംസാരിച്ചുകഴിഞ്ഞു. ചിലർക്കു റോഡുവേണം, ചിലർക്കു വായനശാലവേണം, ചിലർക്കു രക്ഷിക്കുവാൻ നല്ല പദാർത്ഥംവേണം, ചിലർക്കു കളിക്കുവാൻ മൈതാനംവേണം. ഇങ്ങിനെ പല പല ആവശ്യങ്ങളും ഇവിടെയുണ്ടെന്നു പറഞ്ഞുകഴിഞ്ഞു. ഈ വക ആവശ്യങ്ങളും പലതും എന്റെ നിയോജകമണ്ഡലത്തിനും ഉണ്ടു്. എന്നാൽ അതിനെക്കുറിച്ചൊന്നും സംസാരിക്കാതെകണ്ടു് ഈ രണ്ടു സംഗതികളും മാത്രം ഇവിടെ എടുത്തു പ്രതിവാദിക്കുവാൻ ഒരു പ്രത്യേക കാരണമുണ്ടു്. ഞങ്ങൾക്കു അത്യാവശ്യമായിട്ടുള്ള സാധനം വായുവാണു്. വിലയില്ലാത്തതായ ഈ സാധനം കിട്ടിയതിനുശേഷംമതി മറ്റു വിലപിടിച്ച സാധനം. ഞങ്ങളുടെ ആളുകളെ നാട്ടിൽ വിശ്വസിക്കുന്നതു് ശുദ്ധവായു കിട്ടുവാനാണു ഇംഫീരിയാലിസത്തിനുവേണ്ടിയുദ്ധം ചെയ്യുവാനായിട്ടാണു് ഞങ്ങളുടെ നാട്ടിൽ നിന്നു അനേകം ആളുകളെ പറഞ്ഞയച്ചതു ഇവിടെ ജീവിക്കുന്നതിനു ശുദ്ധവായു കിട്ടുന്നതിനുള്ള വിഷമം കൊണ്ടാണെന്നു എനിക്കു തോന്നാവുണ്ടു്. എവിടെപോയി മരിച്ചാലും തരക്കേടില്ല. ശുദ്ധവായു ശ്വസിച്ചു മരിക്കാമല്ലോ എന്നു വിചാരിച്ചിട്ടായിരിക്കണം ഞങ്ങളുടെ നാട്ടിൽ നിന്നു അധികമാളുകളും യുദ്ധസേവനത്തിനു പോയിട്ടുള്ളതു് എന്നെനിക്കു തോന്നാവുണ്ടു്. ഞങ്ങൾക്കു ആവശ്യമുള്ളതു ശുദ്ധവായുവാണു്. അതു കിട്ടിയില്ലാതെകണ്ടു് തൃപ്തിപ്പെടുവാനും ഒരുക്കമില്ല. ഏതാണ്ടു് ഈ ട്രഞ്ചിംഗ് ഗ്രൗണ്ടു് മാറ്റി കിട്ടണമെന്നുള്ള അപേക്ഷകളും തുടങ്ങീട്ടു് അഞ്ചപതു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും ഈ ആക്ഷേപങ്ങൾ തുടർച്ചയായി നടന്നുകൊണ്ടാണിരിക്കുന്നതു. അഞ്ചപതു കൊല്ലമായിട്ടും ഗവൺമെണ്ടു് ആലോചിച്ചിട്ടു ഇതേവരെ ഒരു തീരുമാനത്തിൽ എത്തുവാൻ സാധിച്ചിട്ടില്ല. ഇനി എത്രകാലം കൊണ്ടാണു് ഒരു തീരുമാനത്തിൽ എത്തുവാൻ പോകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതു പോസ്റ്റാഫീസിലേക്കു നീക്കിവെക്കുകയാണോ? ഒരു കൊല്ലത്തിനുള്ളിൽ ഇതു ഇവിടെ നിന്നു മാറ്റുവാൻ സാധിക്കുമെന്നു ഉറപ്പു തരുവാൻ സാധിക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു: നോക്കാം.

* മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെയാണെന്നുണ്ടെങ്കിൽ, ഒരു കൊല്ലത്തിനുള്ളിൽ ഈ സ്ഥലത്തുനിന്നു മാറ്റപ്പെടുമെന്ന ഉറപ്പിന്മേൽ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചു കൊള്ളുന്നു.

Cut motions, by leave, withdrawn

Demand under Public Health put and carried

18. Vaccination—Cranganur—Rs. 1,393

Mr. Parambi Lonappen *(Minister for Rural Development):* I rise to move for the grant of Rs. 1,393 under 18-Vaccination—Cranganur.

Motion put and carried

19. Sanitation and Conservancy

Mr. Parambi Lonappen *(Minister for Rural Development):* I rise to move for the grant of Rs. 9,666 under 19—Sanitation and Conservancy.

Motion put and carried

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly